**കേരളത്തിലെ വിജയിച്ച, ഉശിരൻ സമരത്തിന് മാതൃകയായ മുരിയാട് കായൽ കർഷക മുന്നേറ്റത്തിന്റെ പ്രവർത്തകർ കേരളീയത്തോട് സംസാരിക്കുന്നു**

തയ്യാറാക്കിയത് : പോൾ മനേഷ്, റോബിൻ

# ജനകീയ സമരത്തിന്റെ വിജയം

## വർഗ്ഗീസ് തൊടുപറമ്പിൽ

(മുഖ്യ സംഘാടകൻ, കർഷകമുന്നേറ്റം)

ഏതൊരു സമരത്തിനുമുമ്പും സമരമുഖത്തെക്കുറിച്ച് ആഴത്തിലുള്ള പഠനം നടത്തേണ്ടതുണ്ട്. നമ്മുടെ പല സമരങ്ങളും പരാജയപ്പെടാനുള്ള കാരണം ഇത്തരം പഠനത്തിന്റെ അഭാവമാണ്.

ഞാൻ കഴിഞ്ഞ രണ്ട് വർഷമായി മുരിയാട് കർഷകരുടെ പ്രശ്നങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. ഒരു ജീവിതമാർഗ്ഗമെന്ന നിലയിൽ കുറെക്കാലം ഞാൻ ചൈനീസ് വസ്തുക്കളുടെ വില്പനക്കാരനായിരുന്നു. പരിസ്ഥിതി പ്രവർത്തകർക്ക് കടന്നുചെല്ലാൻ കഴിയാത്ത, സാധാരണ തൊഴിലാളികളുടെയും കർഷകരുടെയും ഇടയിലേയ്ക്ക് കടന്നു ചെല്ലാൻ എനിയ്ക്ക് സാധിച്ചു. അവരിലെ മുതിർന്നവരിലധികവും മുരിയാട് പാടത്ത് കൃഷിയിറക്കിയിരുന്ന കാലത്തെക്കുറിച്ചുള്ള മധുരസ്മരണകൾ അയവിറക്കുന്നവരായിരുന്നു. "എങ്ങനെ കൃഷി ചെയ്തിരുന്ന സ്ഥലമാണ്? ഇനി എന്നാണ് ഇവിടെ കൃഷിയിറക്കുന്നത് കാണാൻ കഴിയുക?" എന്നിങ്ങനെ പറയുന്നത് പലപ്പോഴും കേട്ടിട്ടുണ്ട് സംഭാവനയ്ക്കായി രാഷ്ട്രീയക്കാർ വരുമ്പോൾ പലപ്പോഴും ഈ ചോദ്യങ്ങൾ അവർ ചോദിയ്ക്കാറുണ്ട്.

പ്രായമായവരിൽ അറുപതു ശതമാനം കൃഷിയിറക്കാൻ താൽപര്യമുള്ളവരാണ്. ഇപ്പോൾ ചാക്കരി ഉപയോഗിയ്ക്കുന്നവരിൽ ഭൂരിഭാഗവും പാടത്ത് കൃഷി ചെയ്തുണ്ടാക്കിയ അരി ഉപയോഗിയ്ക്കാൻ തന്നെയാണ് ഇഷ്ടം. എന്നാൽ കൃഷിപ്പണി ചെയ്യാൻ അവർക്ക് ഇഷ്ടമല്ല. മറ്റുള്ളവർ കൃഷി ചെയ്തുണ്ടാക്കിയ അരി വാങ്ങി ചോറുണ്ണാനാണ് അവർക്ക് താൽപര്യം.

കാർഷിക മേഖലയിൽ നിന്നും യുവാക്കളും സ്ത്രീകളും പിന്മാറിയതിനുകാരണം വനിതാ പ്രസിദ്ധീകരണങ്ങളും ടിവി ചാനലുകളും നടത്തുന്ന തെറ്റായ സൗന്ദര്യബോധവൽക്കരണമാണ്. കൃഷിപ്പണി ചെയ്താൽ തങ്ങളുടെ തൊലി കറുത്തുപോകുമെന്നും സൗന്ദര്യം നഷ്ടപ്പെടുമെന്നും അവർ കരുതുന്നു. യുവാക്കളിൽ വിദ്യാഭ്യാസം കുറഞ്ഞ ഇരുപതുശമാനത്തോളം പേർക്ക് മാത്രമെ ഇപ്പോൾ കൃഷിയിൽ താൽപര്യമുള്ളൂ.

ലാഭനഷ്ടങ്ങളുടെ കണക്കുകൾ കർഷകർക്കിടയിൽ കൊണ്ടുവന്നത് മൂലധനശക്തികളാണ്. ഇത്തരം കണക്കുകൾ ഇപ്പോഴും ഭൂരിഭാഗം കൃഷിക്കാരിലേയ്ക്കും ഇറങ്ങിവന്നിട്ടില്ല.



ഫോട്ടോ : സുനിൽ സപര്യ

കൃഷി ചെയ്തിട്ട് പ്രയോജനമില്ല; കൃഷി ഭൂമി നല്ല വിലയ്ക്ക് വിൽക്കുകയാണ് ലാഭം തുടങ്ങിയ പ്രലോഭന പ്രചരണങ്ങൾക്ക് അടുത്തകാലത്ത് ശക്തികൂടി. ഉപയോഗശൂന്യമായ ഇടം എന്ന നിലയിലേയ്ക്ക് കൃഷിയിടത്തെ മാറ്റുകയാണ് മൂലധനശക്തികളുടെ തന്ത്രം. എഴുപതു ശതമാനം കർഷകരും കടബാധ്യതയുള്ളവരായി മാറി. ഭൂമി വില്പനയിലൂടെ കടങ്ങളിൽ നിന്നും മോചനം നേടാൻ അവർ ശ്രമിയ്ക്കുന്നു. മുരിയാട് സമരം മൊത്തം മൂലധനശക്തികൾക്കും എതിരായുള്ളതാണ്.

കാർഷികാധിഷ്ടിത സമരങ്ങൾക്കു മാത്രമെ ഇനിയുള്ള കാലത്ത് ജനശ്രദ്ധ ആകർഷിയ്ക്കാൻ കഴിയുകയുള്ളൂ. അല്ലാത്ത സമരങ്ങൾ ഉപരിപ്ലവമായ ഫലങ്ങൾ മാത്രമെ ഉണ്ടാക്കുകയുള്ളൂ.

കഴിഞ്ഞ 10 മാസമായി എല്ലായിടത്തും ചർച്ച മുരിയാട് സമരമായിരുന്നു. നാടൻചായക്കടകളെ സജീവമാക്കാൻ പോലും സമരത്തിൽ കഴിഞ്ഞു.

മുരിയാട് കൃഷിയിറക്കുന്നതു മൂലം തൊഴിൽ നഷ്ടപ്പെടുന്നു എന്നത് പൂർണ്ണമായും അസത്യമാണ്. ഓടുവ്യവസായം വളരെ മുമ്പേ ഇവിടെ തകർന്നിരുന്നു. പിന്നെയുണ്ടായിരുന്നത് ഇഷ്ടികക്കളങ്ങളാണ്. തമിഴ്നാട്, ആന്ധ്രപ്രദേശ്, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് ഇഷ്ടികക്കളങ്ങളിലെ തൊഴിലാളികളിൽ 99 ശതമാനവും. എല്ലാത്തരത്തിലുള്ള കടുത്ത ചൂഷണത്തിന് ഇവർ ഇരയാകുന്നു. ഇവിടെ നിന്നെടുക്കുന്ന മണ്ണിൽ 7 ശതമാനം മാത്രമെ ജില്ലയിലെ ഓടുവ്യവസായത്തിനുപയോഗിയ്ക്കുന്നുള്ളൂ എന്ന് ഓട്ടുകമ്പനി ഉടമകൾ തന്നെ സമ്മതിയ്ക്കുന്നു. ബാക്കി 93%വും അന്യജില്ലകളിലേയ്ക്കും അന്യസംസ്ഥാനങ്ങളിലേയ്ക്കുമാണ് പോകുന്നത്.

ഒരു സമരമുണ്ടാകുമ്പോൾ ഉത്സവത്തിന് ആനയെ




എഴുന്നള്ളിച്ചുകൊണ്ടു വരുന്നതുപോലെയാണ് സാംസ്കാരിക നായകന്മാരെ കൊണ്ടുവരുന്നത് സാംസ്കാരിക പ്രവർത്തകരെ തെറ്റിദ്ധരിപ്പിക്കുന്നത് അനുചരവൃന്ദമാണ്. കർഷകസമിതിയുടെ സമരം തകർക്കാൻ സർക്കാർ ഇവരെ തന്ത്രപൂർവ്വമാണ് ഇറക്കിയത്. സമരത്തിനു പിന്നിലെ ജനശക്തി കണ്ട് സമരമുഖത്തെ പോരാളികളോടൊപ്പം നിൽക്കേണ്ടി വന്നു, ഈ സാംസ്കാരിക മദ്ധ്യസ്ഥർക്ക്.

ഒരു ജനകീയ സമരത്തെയും മാധ്യമങ്ങൾ ഇതുപോലെ ഏറ്റെടുത്തിട്ടില്ല. കർഷകരുടെ പ്രശ്നങ്ങൾക്ക് പ്രാധാന്യം കൊടുക്കാത്ത കർഷകശ്രീ പോലും 5 പേജ് ഇതിനുവേണ്ടി മാറ്റിവച്ചു. എല്ലാ പത്രങ്ങളും നാലോ അഞ്ചോ പ്രത്യേക പേജുകൾ ഇറക്കി. മാതൃഭൂമി മാത്രം മൂന്ന് മുഖപ്രസംഗങ്ങൾ എഴുതി. മുരിയാട് സമരത്തെപ്പറ്റി ആകാശവാണി നാല് തവണ അരമണിക്കൂർ പരിപാടികൾ നടത്തി. സമരമുഖത്ത് നാം റേഡിയോ ആദ്യമായി ഉപയോഗിച്ചത് ഇവിടെയാണ്. ദൃശ്യമാധ്യമങ്ങൾ ഇത്രയധികം പ്രാധാന്യം കൊടുത്ത മറ്റ് ജനകീയ സമരങ്ങളില്ല, കേരളത്തിലെ ദൃശ്യമാധ്യമ ചരിത്രത്തിൽ തുടർച്ചകളുണ്ടായ ആദ്യസമരമായിരുന്നു ഇത്.

മറ്റൊരു സമരത്തിനുമില്ലാത്ത ജനങ്ങളുടെ സഹകരണം ഇതിനുണ്ടായി. ജനങ്ങളിൽ ഉണരാൻ ആഗ്രഹിയ്ക്കുന്ന ഒരു പൾസ് ഉണ്ട്. അത് ഈ സമരത്തിന് ഉണർത്താൻ കഴിഞ്ഞു. രാഷ്ട്രീയ സമരത്തെക്കാൾ ജനങ്ങൾ വിശ്വസിയ്ക്കുന്നത് ജനകീയ സമരത്തെയാണെന്ന് ഇത് തെളിയിക്കുന്നു.

60 ശതമാനം പാടത്തും പുഞ്ചകൃഷി ഇറക്കുക എന്നതാണ് സമരത്തിന്റെ അടുത്തഘട്ടം. ജനങ്ങൾക്കുണ്ടായ ഉണർവ്വ് നിലനിർത്തണമെങ്കിൽ അത് അത്യാവശ്യമാണ്.

# ഇനി ഞങ്ങൾ കൃഷിയിലേക്ക്

**വി.വി. അയ്യപ്പൻ**

(വർക്കിങ്ങ് ചെയർമാൻ)

ഭൂമിയുടെ നിലനില്പിനുവേണ്ടി നടന്ന ഈ സമരത്തിന്റെ വിജയം ആരും പ്രത്യേകമായി അവകാശപ്പെടേണ്ടതില്ല എന്നാണ് ഒരു കർഷകൻ എന്ന നിലയിൽ എന്റെ അഭിപ്രായം 11,100 ഏക്കർ ഉണ്ടായിരുന്ന മുരിയാട് പാടശേഖരത്തിന്റെ 4000 ഏക്കർ മണ്ണ്, മണലൂറ്റ് മാഫിയകളിൽ നശിപ്പിയ്ക്കപ്പെട്ടു. ബാക്കിയുള്ള 7000 ഏക്കർ നില നിർത്താൻ സർക്കാർ ഉത്തരവിന് കഴിഞ്ഞാൽ ഈ സമരം സർക്കാരിന്റെ കൂടി വിജയമാണ് 2500 ഏക്കറിലെ മുണ്ടകൻ കൃഷിയാണ് ഇത്തവണ മുടങ്ങിയത്.

ഗവൺമെന്റ് ഉത്തരവ് ഉത്തരവിറക്കിയാലും അതിനെതിരെ കോടതിയിൽ പോകുമെന്നാണ് ചില പ്രാദേശിക രാഷ്ട്രീയ നേതാക്കൾ പറയുന്നത്. മുരിയാട് സമരം തീർത്തും അനാവശ്യമായിരുന്നെന്നും ചിലർ പറഞ്ഞുനടക്കുന്നുണ്ട്. 15000 ത്തോളം കൃഷിക്കാർ പട്ടിണി കിടക്കുന്നതിനെക്കുറിച്ച് ഇവർക്കൊന്നും പറയാനില്ല.

ഒരു പ്രാവശ്യം കൃഷി ഇറക്കിയാൽ സ്വയം ഖനന നിരോധനത്തിന് ജനങ്ങൾ മുന്നോട്ട് വരും. ഖനന നിരോധനത്തിന്റെ ആവശ്യം എല്ലാ വിഭാഗം ജനങ്ങൾക്കും ബോധ്യപ്പെടും.

കൃഷി നടത്തുന്നതിനെതിരെ സമരത്തിനിറങ്ങുന്ന വരെ മണലൂറ്റുകാർ ഇറക്കുന്നതാണ്. പ്രതിഫലമായി പണം വാങ്ങിയാണ് അവർ സമരം ചെയ്യുന്നത്.

മുരിയാട് കായലിൽ ഒരിഞ്ച് സ്ഥലം പോലും തരിശിടാൻ പാടില്ല എന്നുള്ളതാണ് ഞങ്ങളുടെ നിലപാട്. കൃഷിയോഗ്യമായ 60% ഭൂമിയിലും ഇത്തവണ ഞങ്ങൾ കൃഷിയിറക്കും.

എന്റെ ആരോഗ്യസ്ഥിതി മോശമാകാൻ കാരണം എം.എസ്. സ്വാമിനാഥനാണ്. കീടനാശിനികളും രാസവളങ്ങളും ഉപയോഗിച്ചുള്ള കൃഷിയും അങ്ങനെ കൃഷി ചെയ്തുണ്ടാക്കുന്ന അരികൊണ്ടുള്ള ഭക്ഷണവും എന്റെ ആരോഗ്യം തകർത്തു.

# ഭേദവ്യത്യാസമില്ലാത്ത കൂട്ടായ്മ

**മെഹ്ബൂബ്**

(കർഷകൻ)

മുരിയാട് സമരം യഥാർത്ഥകർഷകരുടെ സമരമാണെന്ന് മനസിലാക്കിയപ്പോൾ സർവരുടേയും പിന്തുണ ഞങ്ങൾക്കു ലഭിച്ചു. ജാതി, മതം, രാഷ്ട്രീയം തുടങ്ങിയ പരിഗണനകളില്ലാതെ എല്ലാവരും സമരത്തിൽ പങ്കെടുത്തു.

മാധ്യമങ്ങളുടെ ശക്തമായ ഇടപെടലാണ് മുരിയാട് ഉണ്ടായത്. മുരിയാട് സമരത്തിന്റെ സന്ദേശം, സമരത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ, സമരത്തെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ഓരോ കർഷകനിലും എത്തിയ്ക്കാൻ മാധ്യമങ്ങൾ ചെയ്ത സഹായം വളരെ വലുതാണ്.

സമരത്തിന്റെ ഓരോ ഘട്ടവും കാർഷിക പ്രാധാന്യമുള്ള വ്യത്യസ്ഥ സ്ഥലങ്ങളിലായിരുന്നു. സമരപ്പന്തൽ 5 പ്രാവശ്യം മാറ്റിയത് സമരസന്ദേശം ഓരോ പ്രദേശത്തും എത്തുന്നതിന് സഹായിച്ചു.

*(തുടരും)*